**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 6376 21.11.2019 -ൽ മറുപടിക്ക്**

**പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്ന റോഡുകൾ**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ. ടി. ജെ. വിനോദ്** : | **ശ്രീ. ജി. സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| പൊതുമരാമത്ത് വകുപ്പ് റോഡുകൾ ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമം എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | പൊതുമരാമത്ത് വകുപ്പ് റോഡുകൾ ഏറ്റെടുക്കുന്നതിന് അതാത് പഞ്ചായത്തുകളുടെ റെസല്യൂഷൻ ആവശ്യമാണ്. ടി റോഡുകൾ 8 മീറ്റർ വീതിയുള്ളതും കുറഞ്ഞത് 2 പഞ്ചായത്ത് വഴി കടന്നു പോകുന്നതും 2 പൊതുമരാമത്ത് വകുപ്പ് റോഡുകളെ ബന്ധിപ്പിക്കേണ്ടതും റഗുലർ ആയി ബസ് സർവ്വീസ് ഉള്ളതും ആയിരിക്കണം. ഇപ്രകാരമുള്ള മാനദണ്ഡങ്ങൾക്ക് അനുസൃതമായ പ്രൊപ്പോസൽ സർക്കാരിലേയ്ക്ക് സമർപ്പിക്കേണ്ടതും ആയത് ധനകാര്യവകുപ്പിന്റെയും തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും അനുമതി ലഭ്യമായി, മന്ത്രിസഭാ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് റോഡുകൾ ഏറ്റെടുക്കുന്നത്. നിലവിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള റോഡുകൾ ഒന്നുംതന്നെ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കേണ്ടതില്ല എന്നതാണ് സർക്കാർ തീരുമാനം. |

**സെക്ഷൻ ഓഫീസർ**